പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ **1261** 08/02/2013 ൽ മറുപടിയ്ക്ക്

## റീസർവ്വേ പ്രവർത്തനങ്ങൾ നിർത്തലാക്കിയ നടപടി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. പി കെ. ഗുരുദാസൻ<br>ശ്രീ. ജെയിംസ് മാത്യു<br>ശ്രീ. എ. എം. ആരിഫ്<br>ശ്രീമതി. കെ. എസ്. സലീഖ | ശ്രീ. അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| (എ) മുൻ സർക്കാരിന്റെ കാലത്ത് തുടക്കം കുറിച്ച സംസ്ഥാനമൊട്ടാകെയുള്ള റീസർവ്വേ നടപടികൾ പൂർണ്ണമായി നിർത്തലാക്കാൻ തീരുമാനിച്ചിട്ടുണ്ടോ ; | (എ) ഇല്ല. സർക്കാരിന്റെ 31/10/2012 ലെ ജി.ഒ. (എം. എസ്സ്) 409/12/റവന്യൂ നമ്പർ ഉത്തരവു പ്രകാരം റീസർവ്വേ സർക്കാർ ഭൂമിയിലും അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് സ്വകാര്യ ഭൂമികളിലും നിജപ്പെടുത്തി ഉത്തരവായിട്ടുണ്ട്. |
| (ബി) റീസർവ്വേ നടത്തുന്നതിന്റെ ഉദ്ദേശം എന്തായിരുന്നു; അതിപ്പോൾ തുടരേണ്ടെന്ന് തീരുമാനിക്കാൻ ഇടയാക്കിയ യഥാർത്ഥ കാരണങ്ങൾ വെളിപ്പെടുത്തുമോ; | (ബി) രാജ്യത്തിന്റെ അതിർത്തികൾ സംരക്ഷിക്കുക, അതിർത്തി തർക്കങ്ങൾ പരിഹരിക്കുക. സംസ്ഥാനതലത്തിലുള്ള വിവിധ തരം കൈവശ ഭൂമികളുടെയും സർക്കാർ ഭൂമികളുടെയും സ്ഥാനം, വിസ്തീർണ്ണം, അതിർത്തികൾ എന്നിവ നിർണ്ണയിക്കുക, വിസ്തീർണ്ണത്തിനനുസരണമായി കരംപിരിവ് നടത്തുക, സർക്കാർ അധീനതയിൽ ഉള്ളതായ എല്ലാത്തരം പുറമ്പോക്ക് ഭൂമികളും, തരിശു ഭൂമികളും, വനഭൂമികളും ഏതെങ്കിലും പൊതുജന വിഭാഗത്തിന്റെ പ്രത്യേക ആവശ്യങ്ങൾക്കായി തിരിച്ചിട്ടിരിക്കുന്ന റിസർവ്വ് പ്രദേശങ്ങളും പ്രത്യേകം സർവെ ചെയ്ത് രേഖകൾ തയ്യാറാക്കുക. അതുവഴി അനധികൃത കയ്യേറ്റങ്ങൾ നിയമാനുസരണം ഒഴിവാക്കുക, ഭൂവുടമകൾ തമ്മിലുള്ള അതിർത്തി കയ്യേറ്റ സംബന്ധമായ |

കേസുകൾ പരിഹരിക്കുക. ഒറ്റ പ്രദേശത്തിന്റെ ഏകദേശ രൂപം ഒറ്റനോട്ടത്തിൽ മനസ്സിലാക്കുന്നതിന് മാപ്പുകൾ തയ്യാറാക്കുക എന്നിവയാണ് റീസർവ്വേയുടെ പ്രധാന ഉദ്ദേശ്യങ്ങൾ.

ബഹു.മുഖ്യമന്ത്രിയുടെ 2011 ലെ ജനസമ്പർക്ക പരിപാടിയിൽ ലഭിച്ച പരാതികൾ അവലോകനം ചെയ്തതിൽ റീസർവ്വെ സംബന്ധിച്ച ധാരാളം പരാതികളും ഹർജികളും ഇനിയും തീർപ്പുകല്പ്പിക്കുവാൻ അവശേഷിക്കുന്നതായും, റീസർവ്വെ കഴിഞ്ഞതിനു ശേഷം കരം ഒടുക്കുവാനും പോക്കുവരവ് ചെയ്യുന്നതിനും കഴിയുന്നില്ല എന്ന് ചൂണ്ടികാണിച്ച് അനേകം പരാതികൾ ബഹു.മുഖ്യമന്ത്രിയുടെ പൊതുജന പരാതി പരിഹാര സെല്ലിലും, വകുപ്പിലും ലഭിച്ചുവരുന്നതായും കണ്ടെത്തിയിട്ടുണ്ട്. കൂടാതെ റീസർവ്വേ പൂർത്തിയാക്കിയ വില്ലേജുകളിലെല്ലാം തന്നെ ആയിരക്കണക്കിന് പരാതികളും ഹർജികളും ഉണ്ടാവുകയും ചെയ്യും.

സംസ്ഥാനത്ത് റീസർവ്വെ നടത്തിയതിന്റെ ഇതുവരെയുള്ള മേൽ അനുഭവത്തിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും, സംസ്ഥാനത്ത് ഇനിയും റീസർവ്വെ നടത്തുവാനുള്ള പ്രദേശങ്ങളിൽ സർക്കാർ ഭൂമി മാത്രം റീസർവ്വെ ചെയ്ത് തിട്ടപ്പെടുത്തിയാൽ മതിയെന്നും അപേക്ഷ ലഭിക്കുന്ന മുറക്ക് മാത്രം സ്വകാര്യവ്യക്തികളുടെ ഭൂമിയുടെ റീസർവ്വെ നടത്താവുന്നതാണെന്നും തീരുമാനിച്ച് 31.10.2012 ലെ സ.ഉ(എംഎസ്) നം.409/2012/റവ പ്രകാരം ഉത്തരവാകുകയും ചെയ്തു.

(സി) റീസർവ്വേ പ്രവർത്തനങ്ങൾ സംസ്ഥാനത്ത് ഏത് ഘട്ടത്തിലെത്തിയപ്പോഴാണ് സ്വകാര്യ ഭൂമി റിസർവ്വേ ചെയ്യുന്നത് നിർത്താൻ ഉത്തരവിട്ടതെന്ന് വിശദമാക്കുമോ ;

(സി) സംസ്ഥാനത്തെ 1635 വില്ലേജുകളിൽ 777 വില്ലേജുകളുടെ റീസർവ്വെ റിക്കാർഡുകൾ റവന്യൂ ഭരണത്തിന് കൈമാറുകയും പൈലറ്റ് പ്രോജക്റ്റ് പ്രകാരം റീസർവ്വെയ്ക്ക് ഏറ്റെടുത്ത 24 വില്ലേജുകളിൽ രണ്ട്

| | | | |
|---|---|---|---|
| | | | വില്ലേജുകളുടെ റീസർവ്വേ പൂർത്തിയാകുകയും ശേഷിച്ച 22 വില്ലേജുകളുടെ റീസർവ്വേ ജോലികൾ പുരോഗതിയിലിരുന്ന ഘട്ടത്തിലാണ് സർക്കാർ ഭൂമിയിലെ മാത്രം റീസർവ്വേ തുടർന്നാൽ മതിയെന്നും സ്വകാര്യ ഭൂമി അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് റീസർവ്വേ നടത്തിയാൽ മതിയെന്നും ഉത്തരവായത്. |
| (ഡി) | പ്രസ്തുത നടപടി ഭൂമാഫിയകളെ സഹായിക്കാൻ മാത്രം ഉതകുമെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? | (ഡി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ